പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 664. 28.09.2016-ൽ മറുപടിക്ക്.

## ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് കരട് ഭേദഗതി ബിൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, എം. സ്വരാജ്<br>,, സി.കെ. ഹരീന്ദ്രൻ<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് കരട് ഭേദഗതി ബിൽ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ; | (എ) വിധേയമാക്കിയിരുന്നു. |
| (ബി) പത്തിൽ താഴെ ജീവനക്കാരുള്ള സ്ഥാപനങ്ങളെ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുവാനുള്ള നീക്കം അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വിനാശകരമായിരിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ തൊഴിലാളി ദ്രോഹ നടപടികളിൽ നിന്ന് പിൻതിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വിശദമാക്കുമോ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ഒരു തൊഴിലാളി മാത്രമായാലും പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരും. എന്നാൽ കേന്ദ്രം കൊണ്ടുവരുന്ന ബില്ലിൽ പത്തോ അതിൽ കൂടുതൽ തൊഴിലാളികളോ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ മാത്രമെ ഈ ബില്ലിന്റെ പരിധിയിൽ വരികയുള്ളൂ. നിലവിൽ അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഈ വ്യവസ്ഥ സാരമായി ബാധിക്കും. കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ബിൽ 2015-ലെ ചില വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരം തൊഴിലാളികൾക്ക് വിഭാവനം ചെയ്തിട്ടുള്ള തൊഴിൽ സുരക്ഷ ഇല്ലാതാക്കാനുള്ള |

സാധ്യതയുണ്ടെന്ന് 9.08.2016 ൽ കേന്ദ്ര തൊഴിൽ വകുപ്പ് സെക്രട്ടറിയുമായി നടത്തിയ വീഡിയോ കോൺഫറൻസിംഗിൽ വ്യക്തമാക്കിയിരുന്നു. മോഡൽ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ ആശങ്കയും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ആയതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ